"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള അഭിമുഖ പരീക്ഷയുടെ ഇന്റർവ്യൂ പാനലിലേക്ക് സർക്കാർ പ്രതിനിധിയെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.473/2025/WCDD തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.397/2025/ഡബ്ള്യുസിഡിഡി തീയതി.16/09/2025.

2. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28.10.2025-ലെ KSWDC/ EA2/ FO/ 3812/2025/4452 നം. കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് CA/CMA പ്രൊഫഷണൽസിനെ നേരിട്ട് നിയോഗിക്കുന്നതിന് അനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്ക് താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് വേണ്ടി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പാനൽ ലിസ്റ്റ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ഉറന്ന പത്ര പരസ്യം മുഖേന അപേക്ഷകൾ ക്ഷണിച്ചിരുന്നുവെന്നും ആയതിൽ ലഭ്യമായിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കായി 15.11.2025 ന് വനിതാ വികസന കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ തസ്തിക സ്ഥാപനത്തിന്റെ 'Key managerial' തസ്തികകളിൽ ഒന്നായതിനാൽ ടി തസ്തികയിലേയ്ക്കുള്ള അഭിമുഖ പരീക്ഷയുടെ ഇന്റർവ്യൂ പാനലിലേക്ക് സർക്കാർ പ്രതിനിധിയായി വനിതാ വികസന കോർപ്പറേഷന്റെ ബോർഡിലെ സർക്കാർ നോമിനി ഡയറക്ടറായ ശ്രീ.ടി.കെ. സന്തോഷ് കുമാറിനെ (അഡീഷണൽ സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ്) നിയോഗിക്കണമെന്നും വനിതാ വികസന കോർപ്പറേഷനിൽ നിന്നും പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വനിതാ വികസന

കോർപ്പറേഷന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള അഭിമുഖ പരീക്ഷയുടെ ഇന്റർവ്യൂ പാനലിലേക്ക് സർക്കാർ പ്രതിനിധിയായി, വനിതാ വികസന കോർപ്പറേഷന്റെ ബോർഡിലെ സർക്കാർ നോമിനി ഡയറക്ടറായ വനിതശിശു വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.ടി.കെ. സന്തോഷ് കുമാറിനെ നിയോഗിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

ശ്രീ.ടി.കെ. സന്തോഷ് കുമാർ, അഡീഷണൽ സെക്രട്ടറി, വനിതശിശു വികസന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 12-11-2025 16:23:12

സെക്ഷൻ ഓഫീസർ